# പതിനാലാം കേരളനിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 73** — **28.06.2016-ൽ മറുപടിക്ക്**

## ചാലക്കുടി മണ്ഡലത്തിൽ ഹർത്താലിനോടനുബന്ധിച്ച് നടന്ന അക്രമസംഭവത്തിലെ അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ബി.ഡി. ദേവസ്സി** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) മൂർക്കനാട് സംഭവത്തെ തുടർന്ന് വിശ്വഹിന്ദു പരിഷത്ത് തൃശ്ശൂർ ജില്ലയിൽ 28.04.14-ന് ആഹ്വാനം ചെയ്ത ഹർത്താലിന്റെ തലേന്ന് ചാലക്കുടി മണ്ഡലത്തിൽ ഒരു ക്രിസ്ത്യൻ ദേവാലയത്തിനും മൂന്ന് കപ്പേളകൾക്കും നേരെയുണ്ടായ ആക്രമണത്തിലെ പ്രതികളെ പിടികൂടിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ; | (എ) മൂർക്കനാട് സംഭവത്തെ തുടർന്ന് വിശ്വഹിന്ദു പരിഷത്ത് തൃശ്ശൂർ ജില്ലയിൽ നടത്തിയ ഹർത്താലിന്റെ തലേന്ന് ചാലക്കുടി മണ്ഡലത്തിൽ ഒരു ക്രിസ്ത്യൻ ദേവാലയത്തിനും മൂന്ന് കപ്പേളകൾക്കും നേരെയുണ്ടായ ആക്രമണത്തിനെ തുടർന്ന് രജിസ്റ്റർ ചെയ്ത കേസുകളിലെ പ്രതികളെ ഇതുവരെയും കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ ടി കേസ് UD ആയി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ഇരിങ്ങാലക്കുട എസ്.ഐ. ആയിരുന്ന ജിജോയുടെയും വെള്ളിക്കുളങ്ങര സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥനായ സഹോദരന്റേയും വീടും വാഹനങ്ങളും ആക്രമിച്ച സംഭവത്തിൽ പോലീസ് ഉദ്യോഗസ്ഥന് ബൈക്ക് വാങ്ങി നൽകും എന്ന ആഭ്യന്തര വകുപ്പ് മന്ത്രിയുടെ ഉറപ്പ് പാലിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി നടപടി സ്വീകരിക്കുമോ? | (ബി) പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ